പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 361 07.01.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡ് പുന:സംഘടനാ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡ് പുന:സംഘടനാ നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദീകരിക്കുമോ ; | (എ) | 2008-ലെ ഒന്നാം കൈമാറ്റ പദ്ധതിയിലൂടെ സർക്കാരിൽ നിക്ഷിപ്തമാക്കിയിരുന്ന കെ. എസ്. ഇ. ബോർഡിന്റെ ആസ്തി-ബാധ്യതകളെയും ജീവനക്കാരെയും 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് പുനർനിക്ഷിപ്തമാക്കിക്കൊണ്ട് 31-10-2013-ന് രണ്ടാം കൈമാറ്റ പദ്ധതി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയെ ഒരു പബ്ളിക് ലിമിറ്റഡ് കമ്പനിയായിട്ടാണ് 14-01-2011-ന് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കമ്പനിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പ്രധാനമായും ആവശ്യമായ "സർട്ടിഫിക്കറ്റ് ഓഫ് കമൻസ്മെന്റ് ഓഫ് ബിസിനസ് " എന്ന സാക്ഷ്യപത്രം രജിസ്ട്രാർ ഓഫ് കമ്പനീസിൽ നിന്നും 2013 ജൂൺ ആറിന് ലഭിച്ചിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട ആസ്തി-ബാധ്യതകളും മറ്റും ഉപയോഗിച്ചു കൊണ്ട് കമ്പനിയുടെ പ്രവർത്തനം വിജ്ഞാപന തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യുതി ബോർഡിനെ കമ്പനിയാക്കുന്നതു കൊണ്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും വിശദീകരിക്കുമോ ; | (ബി) | ഇലക്ട്രിസിറ്റി ആക്ട്, 2003 അനുശാസിക്കുന്ന പ്രകാരവും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളനുസരിച്ചുമാണ് സംസ്ഥാന വൈദ്യുതി ബോർഡിനെ പുന:സംഘടിപ്പിക്കാൻ കേരള സർക്കാർ തീരുമാനിച്ചത്. 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിലെ വൈദ്യുതി ബോർഡുകളുടെ പുന:സംഘടന സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുന്നതിനും അതു കൂടാതെ കേന്ദ്ര |

വിഷ്കൃത പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും കേരളത്തിലെ ജനങ്ങൾക്കും ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് കമ്പനിവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതി ബോർഡ് കമ്പനിയാക്കുന്നതു കൊണ്ട് പ്രത്യേകിച്ച് കോട്ടങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത് സംബന്ധിച്ച് ജീവനക്കാരുമായി ചർച്ച നടത്തിയി ട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

(സി) വൈദ്യുതി ബോർഡിൻെറ പുന:സംഘടനയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ബോർഡ് ചെയർമാൻ വൈദ്യുതി ബോർഡിലെ കോൺഫറൻസ് ഹാളിൽ വച്ച് 22-02-2012-നും, വൈദ്യുതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി 03-08-2012, 11-02-2013 എന്നീ തീയതികളിൽ സെക്രട്ടേറിയറ്റിലെ ഡർബാർ ഹാളിൽ വച്ചും ചർച്ചകൾ നടത്തുകയുണ്ടായി.

കമ്പനിവൽക്കരണ നടപടികൾ സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി വിവിധ ഘട്ടങ്ങളിൽ ബോർഡുതലത്തിൽ നടത്തിയ ചർച്ചകൾക്ക് പുറമേ, ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നടത്തിയിട്ടുള്ള ചർച്ചകളിൽ ഉയർന്നുവന്ന ആശയങ്ങും കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് കൈമാറ്റ പദ്ധതിയിലെ വ്യവസ്ഥകൾക്ക് രൂപം കൊടുത്തിട്ടുള്ളത്. ജീവനക്കാരുടെ പ്രതിനിധികളുമായി ഒരു ത്രികക്ഷി കരാറിൽ ഒപ്പുവയ്ക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ.**